(സി) അന്വേഷണം പൂർത്തിയായിട്ടില്ല.

(ഡി) ക്രൈം നമ്പർ 410/സി. ആർ./ എസ്. III/ 04 പ്രകാരം മുരളി എന്ന മുരളീധരൻ, അനൂപ്, രാജേഷ്, ഭരതൻ മകൻ മുരളി, വിബീഷ് എന്നിവരെയും ക്രൈം നമ്പർ 411/സി. ആർ./ എസ്. III/ 04 ഉം ക്രൈം നമ്പർ 412/സി. ആർ./ എസ്. III/ 04 പ്രകാരം ഷിജുഗോവിന്ദ്, അനൂപ്, രാജേഷ്, വിബീഷ്, ജയേഷ്, മുരളി എന്ന മുരളീധരൻ, ജയദേവൻ, പ്രശീഷ്, ജിന്നു, സജീഷ്, ഭരതൻ മകൻ മുരളി, പി. എം., രതീഷ്, ഉണ്ണികൃഷ്ണൻ എന്നിവരെയും അറസ്റ്റു ചെയ്തിട്ടുണ്ട്.

ഒളവണ്ണയിലെ ആക്രമണവും അന്വേഷണവും

35 [103] *ശ്രീ. വി. കെ. സി. മമ്മത്കോയ:*
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
,, *പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളവണ്ണയിൽ കന്യാസ്ത്രീകളെ ആക്രമിച്ചതിനെ സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകളനുസരിച്ച് എത്ര പേരുടെ പേരിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) കേസിലെ എത്ര പ്രതികളെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്; പ്രതികൾ ഏത് സംഘടനയിൽപ്പെട്ടവരാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) കന്യാസ്ത്രീകളെ ആക്രമിക്കാനുണ്ടായ കാരണം അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ഇ) ഈ കേസിന്റെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) കുറ്റപത്രം സമർപ്പിക്കുന്നതിന് ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. ക്രൈം നമ്പർ 410/സി. ആർ./ എസ്. III/ 04 യു/ എസ്. 143, 147, 148, 153 (എ), 307, 354, ആർ/ ഡബ്ല്യു 149 ഐ. പി. സി. പ്രകാരം അഞ്ചു പേർക്കെതിരെയും, ക്രൈം നമ്പർ 411/ സി. ആർ/ എസ് III/ 04 യു/ എസ്. 143,

LIBRARY ARCHIVES Kerala Legislative Assembly

147, 148, 153 (എ), 307, 354, 427 ആർ/ ഡബ്ല്യു 149 ഐ. പി. സി. പ്രകാരം 17 പേർക്കെതിരെയും, ക്രൈം നമ്പർ 412/ സി. ആർ/ എസ് III/ 04 യു/ എസ്. 341, 353, 506 (1) ആർ/ ഡബ്ല്യു 149 ഐ. പി. സി. പ്രകാരം 17 പേർക്കെതിരെയും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ക്രൈം നമ്പർ 410/സി. ആർ./ എസ്. III/ 04 പ്രകാരം അഞ്ചു പേരെയും, ക്രൈം നമ്പർ 411/ സി. ആർ/ എസ് III/ 04 പ്രകാരം 14 പേരെയും, ക്രൈം നമ്പർ 412/ സി. ആർ/ എസ് III/ 04 പ്രകാരം 14 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇവരെല്ലാവരും ബി. ജെ. പി./ ആർ. എസ്. എസ്. പ്രവർത്തകരാണ്.

(ഡി) കാരണം വ്യക്തമല്ല.

(ഇ) & (എഫ്) കേസന്വേഷണം പൂർത്തിയായിട്ടില്ല.

കേസുകൾ പിൻവലിക്കുന്നതിനുള്ള അപേക്ഷകൾ

36 [110] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ നിന്നും, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേസുകൾ പിൻവലിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) അപേക്ഷകന്റെ പേരു വിവരം, കേസ് നമ്പർ, ഏതെല്ലാം പോലീസ് സ്റ്റേഷൻ, ഏതെല്ലാം കോടതികൾ എന്ന ക്രമത്തിൽ ഇവ വെളിപ്പെടുത്തുമോ;

(സി) ഇത്തരത്തിൽ കിട്ടിയിട്ടുള്ള അപേക്ഷകൾ സെക്രട്ടേറിയറ്റിൽ ഏതെല്ലാം നമ്പറുകളിലായി നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ നിന്നും പിൻവലിച്ച കേസുകളുടെ വിശദമായ ലിസ്റ്റ് ലഭ്യമാക്കുമോ;

(ഇ) പിൻവലിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്ന കേസുകൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ നിന്നും, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേസുകൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 76 അപേക്ഷകൾ ലഭിച്ചു.

(ബി) & (സി) വിശദാംശങ്ങൾ അനുബന്ധം I-ൽ ചേർക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly